## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2043 — 11.06.2018-ൽ മറുപടിക്ക്

### <u>ഷുഹൈബ് വധക്കേസ് പ്രതികൾക്കെതിരെ യു.എ.പി.എ.</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മട്ടന്നൂരിൽ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകൻ ഷുഹൈബിനെ കൊലപ്പെടുത്തുന്നതിന് മുമ്പ് കൊലയാളികൾ ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരുന്നതായി കേസിന്റെ കുറ്റപത്രത്തിൽ പരാമർശിച്ചിട്ടുണ്ടോ; | (എ) പരാമർശിച്ചിട്ടില്ല. |
| (ബി) ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെ ബോംബോ, സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ 1967 - ലെ യു.എ.പി.എ. ആക്റ്റിന്റെ 15-ാം വകുപ്പ് പ്രകാരം യു.എ.പി.എ. ചുമത്താമെന്ന നിബന്ധനയുണ്ടോ;<br>(സി) എങ്കിൽ ഷുഹൈബ് വധക്കേസിലെ പ്രതികൾക്കെതിരെ യു.എ.പി.എ. ചുമത്താതിരുന്നത് എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കുമോ? | (ബി) യും (സി) യും രാജ്യത്തിന്റെ അഖണ്ഡതക്കും ഐക്യത്തിനും ഭീഷണിയുണ്ടാക്കുന്ന രീതിയിലുള്ള ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ട് നടത്തുന്ന ഭീകര പ്രവർത്തനമാണ് യു.എ.പി.എ നിയമത്തിന്റെ 15-ാം വകുപ്പിൽ അനുശാസിക്കുന്നത്. |

സെക്ഷൻ ഓഫീസർ